(ബി) പ്രസ്തുത സ്ഥാപനങ്ങൾ ഏതെല്ലാം ഏജൻസികളുടെ മാനേജു മെന്റിന്റെ കീഴിലാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) സഹകാര്യ മാനേജ്മെന്റ്, സമുദായ മാനേജ്മെന്റ് എന്നിവയുടെ കീഴിൽ എത്ര എണ്ണം വീതം പ്രവർത്തിക്കുന്നുണ്ടെന്നും അവ ഓരോന്നും ഏതെല്ലാമാണെന്നും എവിടെയാണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ—സി) വിവരങ്ങൾ ഒരുക്കമായി ലഭ്യമല്ല. വിവരം ശേഖരിച്ച് നൽകുന്നതാണ്.

ഗവൺമെന്റ് കോളേജിലെ ഒഴിവുള്ള അദ്ധ്യാപക തസ്തികകൾ

379 [2439] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗവൺമെന്റ് കോളേജുകളിൽ എത്ര അദ്ധ്യാപക തസ്തികകളിൽ ഒഴിവുണ്ട് എന്ന് വിഷയം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയ അദ്ധ്യാപക നിയമനങ്ങൾ എത്ര നടത്തിയെന്ന് വിഷയം തിരിച്ച് കണക്ക് ലഭ്യമാക്കാമോ;

(സി) ഏതെല്ലാം ഗവൺമെന്റ് കോളേജുകളിലാണ് ഒരു ഡിപ്പാർട്ട്മെന്റിൽ ഒരദ്ധ്യാപകൻപോലുമില്ലാത്തത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അനുബന്ധം ആയി ചേർത്തിരിക്കുന്നു.†

(ബി)

1.	ബോട്ടണി	.. 17
2.	സുവോളജി	.. 16
3.	കെമിസ്ട്രി	.. 34
4.	ജിയോളജി	.. 5
5.	ഇംഗ്ലീഷ്	.. 4
6.	മലയാളം	.. 23
7.	മാത്തമാറ്റിക്സ്	.. 63
8.	കമ്പ്യൂട്ടർ സയൻസ്	.. 1
9.	ഇസ്ലാമിക് ഹിസ്റ്ററി	.. 6
10.	സ്റ്റാറ്റിസ്റ്റിക്സ്	.. 2
11.	പൊളിറ്റിക്സ്	.. 1
12.	ഹിന്ദി	.. 1
13.	അറബിക്	.. 2
14.	മ്യൂസിക്	.. 11

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

15.	സംസ്കൃതം (ജനറൽ)	..	15
16.	സംസ്കൃതം (സാഹിത്യം)	..	2
17.	സംസ്കൃതം (ജ്യോതിഷം)	..	1
18.	എക്കണോമിക്സ്	..	26
19.	കോമേഴ്സ്	..	31
20.	ഹിസ്റ്ററി	..	5
21.	വയലിൻ	..	1
22.	മൃദംഗം	..	6
23.	വീണ	..	1

(സി) അനുബന്ധം ആയി ചേർത്തിരിക്കുന്നു.†

സ്വകാര്യ കോളേജ് അദ്ധ്യാപകർക്ക് യു. ജി. സി. നിരക്കിലുള്ള ശമ്പളം ലഭിക്കുന്നതിനുള്ള മാനദണ്ഡം

380 [2440] ശ്രീ. വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് സ്കെയിലിൽ നിയമിക്കപ്പെട്ട യു. ജി. സി. യോഗ്യതയുള്ള എയ്ഡഡ് കോളേജ് അദ്ധ്യാപകർക്ക് യു. ജി. സി. നിരക്കിലുള്ള ശമ്പളം ലഭിക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കാമോ;

(ബി) 1-1-1996-നുശേഷം നിയമിക്കപ്പെട്ടതും സർവ്വീസിൽ തുടരുന്നതുമായ യു. ജി. സി. അദ്ധ്യാപകർക്ക് യു. ജി. സി. നിരക്കിലുള്ള ശമ്പളം ലഭിക്കാൻ അർഹതയുണ്ടോ;

(സി) സർവ്വകലാശാലാ സീനിയർ, സെലക്ഷൻ ഗ്രേഡ് ലക്ചർമാരായി സ്ഥാനക്കയറ്റം ലഭിക്കുന്ന അദ്ധ്യാപകർക്ക് യു. ജി. സി. നിരക്കിലുള്ള ശമ്പളം ലഭിക്കുന്നതിന് തടസ്സം ഇല്ലെന്ന സത്യവാങ്മൂലം കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ (കൊല്ലം) ഹൈക്കോടതിയിൽ ഫയൽ ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിന് വിരുദ്ധമായി ഇത്തരം അദ്ധ്യാപകർക്ക് യു. ജി. സി. നിരക്കിലുള്ള ശമ്പളം സർവ്വകലാശാല തടഞ്ഞുവയ്ക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) സീനിയർ സെലക്ഷൻ ഗ്രേഡ് തസ്തികകളിലേക്ക് സ്ഥാനക്കയറ്റം ലഭിച്ച കോളേജ് അദ്ധ്യാപകരുടെ യു. ജി. സി. നിരക്കിലുള്ള ശമ്പളം കൊല്ലം ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ തടഞ്ഞുവച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, എങ്കിൽ എത്രപേരുടെ; അതിനുള്ള കാരണം വ്യക്തമാക്കാമോ?

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly